ഡീസൽ ചെലവ്	1996 - 97	24,280.00 രൂപ
	1997 - 98	1,54,484.00 രൂപ
	1998 - 99	1,41,311.00 രൂപ
	1999 - 2000	94,188.00 രൂപ
		4,14,263.00 രൂപ

അനാഥാലയങ്ങളിൽ നിന്നും ഔപചാരിക വിദ്യാഭ്യാസം ലഭിക്കുന്ന കുട്ടികൾ

48 (2045) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം അനാഥാലയങ്ങളിലെ കുട്ടികളെയാണ് ഔപചാരിക വിദ്യാഭ്യാസം നൽകുന്നതിന് സ്കൂളുകളിലയ്ക്കുന്നതെന്നും ഓരോ അനാഥാലയങ്ങളിലും എത്ര കുട്ടികൾ വീതം ഏതൊക്കെ ക്ലാസുകളിൽ പഠിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഏതെല്ലാം അനാഥാലയങ്ങളിൽ നിന്നുള്ള എത്ര കുട്ടികൾ പരീക്ഷയ്ക്കിരുന്നു എന്നും അതിൽ എത്ര കുട്ടികൾക്ക് ഡിസ്റ്റിംഗ്ഷനും ഫസ്റ്റ് ക്ലാസും സെക്കന്റ് ക്ലാസും ലഭിച്ചു എന്നും എത്രപേർ വിജയിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) അനാഥാലയങ്ങളിൽ പാർപ്പിച്ചിട്ടുള്ള കുട്ടികൾക്ക് കാലഘട്ടത്തിനുയോജിച്ച ശരാശരി സൗകര്യങ്ങൾപോലും നൽകിയിട്ടില്ലെന്നും പ്രസ്തുത സ്ഥാപനങ്ങളിലെ കുട്ടികൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നുവെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അനാഥാലയങ്ങളിൽ കുട്ടികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇല്ല.

ഓർഫനേജുകൾക്ക് നൽകുന്ന ഗ്രാന്റ്

49 (2046) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓർഫനേജുകൾക്ക് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര തുകയാണ് വർദ്ധിപ്പിച്ചത് ;

(സി) എന്ന് മുതൽക്കാണ് ഈ വർദ്ധനവ് ;

(ഡി) വർദ്ധിപ്പിച്ച തുക ഓർഫനേജുകൾക്ക് നൽകി തുടങ്ങിയിട്ടുണ്ടോ ?

(ഇ) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ് ;

(എഫ്) ഈ തുക എപ്പോൾ നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) ഇല്ല, അനാഥാലയങ്ങളിലെ അന്തേവാസികളുടെ ഗ്രാന്റ് 100 രൂപയിൽ നിന്നും 125 രൂപയായി വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടിയിൽ ധനകാര്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള ഗ്രാന്റ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വികലാംഗക്ഷേമ പ്രവർത്തനങ്ങൾ

50 (2048) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികലാംഗക്ഷേമ പ്രവർത്തനങ്ങൾ ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വികലാംഗക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഇ) വികലാംഗക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വികലാംഗക്ഷേമ പ്രവർത്തനങ്ങൾ 1995-ലെ വികലാംഗ (തുല്യ അവസരം, അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം) നിയമത്തിലെ 60-ാം ചട്ടപ്രകാരം നിയമിച്ച സ്റ്റേറ്റ് കമ്മീഷൻ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരമുള്ള എല്ലാ വികലാംഗക്ഷേമ പ്രവർത്തനങ്ങളും നടപ്പാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly